"ഭരണഭാഷ- മാതൃഭാഷ"



**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - തിരുവനന്തപുരം വികസന അതോറിറ്റിയിലെ വിവിധ പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകുന്ന പരിധി - ചീഫ് എഞ്ചിനീയർക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.2308/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 15/12/2020

---

പരാമർശം:- 1 സ.ഉ.(പി) നം. 111/2019/ധന തീയതി 21/08/2019.

2 ട്രിഡ സെക്രട്ടറിയുടെ 11/10/2019ലെ ഇ1/1246/2019/ട്രിഡ നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം വികസന അതോറിറ്റിയിൽ സാങ്കേതികാനുമതി ലഭ്യമാകുന്നതിനുള്ള കാലതാമസം മൂലം പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കാൻ സാധിക്കുന്നില്ലായെന്നും ആയതിനാൽ ട്രിഡയിലെ പദ്ധതികൾ/പ്രവർത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള അനുമതി ചീഫ് എഞ്ചിനീയർക്ക് നൽകണമെന്ന് പരാമർശം (2) ലെ കത്ത് പ്രകാരം ട്രിഡ സെക്രട്ടറി സർക്കാരിനോട് അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ട്രിഡയിലെ ജോലികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനായി രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റിയിൽ പൊതുമരാമത്ത് വകുപ്പിലെ സർക്കാരിന്റെ പ്രതിനിധിയായി നിയമിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥന്റെ പരാമർശം (1) പ്രകാരമുള്ള 'അനുമതി നൽകാവുന്ന പരിധി' ട്രിഡയിലെ ചീഫ് എഞ്ചിനിയർക്കും ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഹരികുമാർ എ എസ്**
**അണ്ടർ സെക്രട്ടറി**

പകർപ്പ്

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (എ&ഇ), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി & എസ്.എസ്.എ) കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (E No.1492810/DEV-3/42/20-FIN, തീയതി 04/08/2020)

എക്സിക്യൂട്ടീവ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ